ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കെട്ടിട നികുതി, ആഡംബര നികുതിയിനങ്ങളിൽ വസൂലാക്കിയിട്ടുള്ള തുക ജില്ല തിരിച്ച് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.

(ബി) 2015 ഒക്ടോബർ മാസം വരെ കെട്ടിട നികുതിയിനത്തിൽ 877.38 രൂപ പിരിക്കാനുണ്ട്. 2015 ഒക്ടോബർ മാസം വരെ നിലവിലെ കെട്ടിട നികുതി, ആഡംബര നികുതിയിനങ്ങളിലുള്ള കോടതി, ഗവൺമെന്റ്, അപ്പലേറ്റ് അതോറിറ്റി സ്റ്റേ കേസുകളുടെ എണ്ണം ജില്ലകളിൽനിന്നും ലഭ്യമായത് അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

ഭൂരഹിതർക്ക് ഭൂമി

191 (1271)* ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായ എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള എത്ര കുടുംബങ്ങൾക്ക് ഇനി ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 43,437 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇവർക്ക് ഭൂമി കൈമാറുന്ന പ്രവർത്തനം പൂർത്തിയായി വരുന്നു. ഗുണഭോക്താക്കളുടെ നിലവിലുള്ള പട്ടിക പ്രകാരം 2 വർഷം കുടുംബങ്ങൾക്കുകൂടി ഇനി ഭൂമി നൽകാനുണ്ടെന്നു കാണുന്നു.

ഭൂരഹിതർക്ക് ഭൂമി നൽകൽ

192 (1272) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭൂരഹിതർ ഉണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly